സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ക്രമം

(സാന്നിദ്ധ്യം : എസ് ബിന്ദു)

സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 2025-26 സാമ്പത്തിക വർഷത്തെ കുത്തക ലേലങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**R.O.C. No.303/25/NS** നന്തൻകോട്, 22/04/2025

---

പരാമർശം : 21/04/2025 ലെ ബോർഡ് തീരുമാനം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ദേവസ്വങ്ങളിൽ 2025-26 സാമ്പത്തിക വർഷത്തെ സഞ്ചായകുത്തകയിൽ ഇനിയും ലേലം പോകാത്ത കുത്തക ഇനങ്ങൾ നിലവിലുള്ളതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ആയത് ഡിപ്പാർട്ട്മെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഇനിയും ലേലം പോകാത്ത ഇനങ്ങൾക്ക് ഓഫർ ലെറ്ററുകൾ വാങ്ങി അതിൽ കൂടുതൽ തുക രേഖപ്പെടുത്തിയ തുക അടിസ്ഥാന ലേല തുകയായി നിശ്ചയിച്ച് ഓപ്പൺ ലേലം നടത്തുന്നതിന് ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഇപ്രകാരം നടപടി സ്വീകരിക്കുമ്പോൾ ലഭ്യമാകുന്ന ലേല തുക ഒന്നായി ഒടുക്ക് വരുത്തുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

ടി ലേലം സംബന്ധിച്ചുള്ള എഗ്രിമെന്റിന്റെ പകർപ്പും ലേലഡയറിയുടെയും ലേല പരസ്യത്തിന്റെയും പകർപ്പുകൾ കൂടി അനുവാദത്തിനായി ദേവസ്വം കമ്മീഷണർ ആഫീസിൽ അയയ്ക്കേണ്ടതാണ്. പ്രസ്തുത രേഖകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
4. PS to Hon'ble President
5. മിനിട്സ് സെക്ഷൻ
6. ഫയൽ ബുക്ക്
7. സെക്ഷൻ ഫയൽ
8. ആഫീസ് കോപ്പി

9 IT- section

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി